# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4699

18/12/2014 ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ രംഗത്ത് ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വിപുലമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, കെ.മുരളീധരൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ രംഗത്തെ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) പൊതുവിദ്യാഭ്യാസ രംഗത്ത് ഐടി അധിഷ്ഠിത പ്രവർത്തനങ്ങളു ടെ വിപുലീകരണത്തിന് പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി അനുസരിച്ച് ഏതെല്ലാം മേഖലകളിലാണ് പ്രവർത്തനങ്ങൾ വിപുലീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) പ്രസ്തുത പദ്ധതി അനുസരിച്ച് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.<br>1. ഡിസ്റ്റന്റ് ഇ-ലേണിംഗ് - 14 റിസോഴ്സ് കേന്ദ്രങ്ങൾ മുഖേന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മന്ത്രിസഭയുടെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ മുഖേന വെർച്ചൽ കണക്ട് രീതിയിൽ ഇന്ററാക്ടീവ് ഡിസ്റ്റന്റ് ഇ-ലേണിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. വിദഗ്ദ്ധരായ അധ്യാപകരുടെ സേവനം സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ഒരു കേന്ദ്രത്തിൽ അധ്യാപകന് ക്ലാസ് റൂമിൽ എന്നപോലെ അധ്യാപനം നടത്തുവാനും വിദ്യാർത്ഥികളുടെ സംശയങ്ങൾ തത്സമയം ദുരീകരിക്കാനും കഴിയും.<br>2. ടാബ്ലറ്റ് ലൈബ്രറി പദ്ധതി സർക്കാർ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് ലൈബ്രറി സിസ്റ്റം രീതിയിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു<br>3. ആധുനിക സൗകര്യങ്ങളോടുകൂടി സ്മാർട്ട് ക്ലാസ് റൂം, ഡിജിറ്റൽ ക്ലാസ് റൂം, എന്നിവ സർക്കാർ സ്കൂളുകളിൽ അടുത്ത അധ്യയന വർഷം ഏർപ്പെടുത്താൻ ഉദ്ദേ ശിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) ഐടി@സ്കൂളും കെൽട്രോണുമായി സഹകരിച്ചാണ് വിവിധ പ്രവർത്തന ങ്ങൾ ഏകോപിപ്പിച്ചു നടത്തുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം | (ഡി) 1. ഡിസ്റ്റന്റ് ഇ-ലേണിംഗ് സെന്റർ |

| | |
|---|---|
| അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | 14 ജില്ലാ കേന്ദ്രങ്ങളിൽ നിന്നും 30 അധ്യാപകർക്കും കേന്ദ്ര സ്റ്റുഡിയോയിലെ വിദഗ്ദ്ധരായ അധ്യാപകരുമായിട്ട് സംവദിക്കുന്നതിന് ആവശ്യമായ വീഡിയോ കോൺഫറൻസ് സംവിധാനം ഏക്തപ്പെടുത്തും.<br>2.ടാബ്ലറ്റ് ലൈബ്രറി - പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മാത്രം ഏർപ്പെടുത്തും.<br>3.ലാപ്ടോപ്പ് കമ്പ്യൂട്ടർ, അൾ ട്രാ ഷോർട്ട് ത്രോ പ്രൊജക്ടറുകളും ആധുനിക രീതിയിലുള്ള സൗണ്ട് സിസ്റ്റവും ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, വൈഫൈ സൗകര്യവുമുള്ള ആധുനിക ക്ലാസ് മുറിയും വിദ്യാലയങ്ങളിൽ ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ